മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: കടം കൊടുത്തിട്ടുള്ളതിൽ വല്ലതും ബാഡ് ഹെഡ്സ്സായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ബാഡ് ഹെഡ്സും ഉണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: അങ്ങിനെയുള്ളവക്ക് പിന്നെ കടം കൊടുക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എല്ലാ വില്ലേജുപഞ്ചായത്തുകളിലും ഈ ആപ്പീസ്സർ പോകാറുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഉണ്ടെന്നാണ് എന്റെ അറിവ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്ര കൊല്ലമായി അദ്ദേഹത്തെ ആ സ്ഥാനത്തു വെച്ചിട്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: രണ്ടുകൊല്ലത്തോളമായിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇനിയും ആ ഉദ്യോഗസ്ഥനെ ആ സ്ഥാനത്തുവെച്ചു കൊണ്ടിരിക്കേണ്ട ആവശ്യമുണ്ടോ?

Mr. Parambi Lonappen *(Minister for Rural Development)*: I have the other day inspected the Central farm at Trichur and during the course of my Inspection, I had occasion to remark that there is no necessity to continue him and that he should be sent back to his original post in the Farm.

ESTABLISHMENT SECTION CLERK—PANCHAYAT DEPARTMENT

165. മിസ്റ്റർ പി. നാരായണമേനോൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടു എസ്റ്റാബ്ലിഷ്മെണ്ടു സെക്ഷൻ ക്ലാക്കിന്റെ ശമ്പളവും ഗ്രേഡും എത്ര;

(ബി) അദ്ദേഹത്തിന്റെ സ്ഥിരശമ്പളവും ഗ്രേഡും എത്ര?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ എസ്റ്റാബ്ലിഷ്മെണ്ടു് സെക്ഷൻ ക്ലാക്കു എന്നു പ്രത്യേകം ഒരു തസ്തികയൊ ആയതിനു ഒരു ഗ്രേഡൊ ഗവൺമെണ്ടിൽനിന്നും അനുവദിച്ചിട്ടില്ല. ഡിപ്പാർട്ടുമെണ്ടിലേക്കു അനുവദിച്ചിട്ടുള്ള ആകെ ക്ലാക്കുമാരിൽ ഡയറക്ടരുടെയുക്തംപോലെ പ്രാപ്തിയുള്ള ആരെയെങ്കിലും ഒരാളെ ടി സെക്ഷനിലെ ജോലിനോക്കുവാൻ നിശ്ചയിക്കുകയാണു് ചെയ്യുന്നതു്.

(ബി) ഏ-ാം ഉപചോദ്യത്തിന്റെ ഉത്തരംകൊണ്ടു ഇതിനു ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഇപ്പോൾ എസ്റ്റാബ്ലിഷ്മെൻറ സെക്ഷനിൽ വർക്കു് ചെയ്യുന്ന ക്ലാക്കു് ആരാണു്?

Mr. Parambi Lonappen *(Minister for Rural Development)*:: I am not able to give you the name of the clerk working in the various departments under my control.

മിസ്റ്റർ പി. നാരായണമേനോൻ: ആ സെക്ഷനിൽ വർക്കുചെയ്യുന്ന ക്ലാക്കിനു എത്ര ശമ്പളം കൊടുക്കുന്നുണ്ടു്?

Mr. Parambi Lonappen *(Minister for Rural Development)*: I suppose it is a very difficult task for the Minister to give the pay, grade of all the clerks working in the departments under his control.

മിസ്റ്റർ പി. നാരായണമേനോൻ: ഇതിനെ സംബന്ധിച്ചു എന്തെങ്കിലും ചോദ്യം വരുമ്പോൾ ഈവക സംഗതികളൊക്കെ മനസ്സിലാക്കേണ്ടതല്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതൊരു ചോദ്യമല്ലല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: സപ്ലിമെണ്ടറി കപസ്റ്റ്റന്നുള്ള മറുപടി പറഞ്ഞു കൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മാരോ സെക്ഷനിലെ ക്ലാക്കുമാക്കു് എന്താണു് ശമ്പ മെന്നൊക്കെ ഓർമ്മവെച്ചുകൊണ്ടിരിക്കുവാൻ വലിയ വിഷമമാണു്.

മിസ്റ്റർ പി. നാരായണമേനോൻ. ആ സെക്ഷനിലെ ക്ലാക്കിന്റെ ശമ്പളമറിഞ്ഞു കൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ൪൦ മുതൽ ൬൦ കെ. ആയിരിക്കണം.

മിസ്റ്റർ പി. നാരായണമേനോൻ: പഞ്ചായത്തു ഡിപ്പാർട്ട്മെണ്ടിൽ ആകെ എത്ര ക്ലാക്കുമാരുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു ഇപ്പോൾ പറയുവാൻ സാധ്യമല്ല.

മിസ്റ്റർ പി. നാരായണമേനോൻ: എസ്റ്റാബ്ലിഷ്മെൻറ സെക്ഷനിൽ എല്ലാ ക്ലാക്കു മാരും ജോലി ചെയ്യാറുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ജോലിചെയ്യുവാൻ പ്രാപ്തിയുള്ള ക്ലാക്കുമാരെ ആ സെ ക്ഷനിൽ വെക്കാറുണ്ടു്. അതിനു യാതൊരു വിരോധവുമില്ല. എല്ലാ ഡിപ്പാർട്ട്മെണ്ടുക ളിലും അങ്ങിനെയാണു് നടക്കുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: ആ ഡിപ്പാർട്ട്മെണ്ടിലുള്ള ക്ലാക്കുമാരുടെ ഏറ്റവും കൂടിയ ശമ്പളം എത്രയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മാനേജർക്കു് വാ to ൧൦൦ കെ.യും പിന്നെ അതിനു കീ ഴോട്ടു ൩൦ കെ. മുതൽ വ൨൦ കെ.യും ൪൦ കെ. മുതൽ ൩൦ കെ.യും ഇങ്ങിനെ പല വിധത്തി ലുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഏറ്റവും കുറഞ്ഞ ശമ്പളം എത്രയാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതല്ലെ ഞാൻ നേരത്തെ പറഞ്ഞതു്. എല്ലാം കൃത്യ മായിട്ടു പറയണമെന്നുണ്ടെങ്കിൽ ചോദ്യം നേരത്തെ വരണം.

മിസ്റ്റർ പി. നാരായണമേനോൻ: ആ സെക്ഷനിലെ ക്ലാക്കിനു കൂടുതൽ ശമ്പളം കൊടുക്കണമെന്നു പറഞ്ഞു ഡിപ്പാർട്ട്മെണ്ടു് ഹെഡ്ഡു് മിനിസ്റ്റർവഴി ഗവൺമെണ്ടിനോടു് ആവ ശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാൻ വന്നതിനുശേഷം അങ്ങിനെയൊരു സംഗതി ഉ ണ്ടായിട്ടുള്ളതായി എനിക്കു് ഓർമ്മയില്ല.

DEPRESSED CLASS STUDENTS—SUPPLY OF CLOTHES

166. മിസ്റ്റർ കെ. കൊച്ചുകുട്ടൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് ദയവായി മറുപടി പറയുമൊ.—

(എ) ൧൯൫൫ - ൧൯൫൬ ൦ എന്നീ കൊല്ലങ്ങളിൽ സെക്കൻറി ക്ലാസ്സുകളിലെ ഓരോ അധഃകൃതവിദ്യാർത്ഥിക്കും എത്ര മുണ്ടുവീതമാണു് കൊടുത്തിട്ടുള്ളതു്;

(ബി) ൧൯൫൫—൧൯൫൬-നു് മുമ്പു് സെക്കണ്ടറി ക്ലാസ്സുകളിലെ ഓരോ അ ധഃകൃത വിദ്യാർത്ഥിക്കും കൊല്ലത്തിൽ എത്ര മുണ്ടു് വീതം കൊടുത്തിരുന്നു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) മുണ്ടു് കൊടുത്തുവരുന്നതു ഓരോ കുട്ടിയുടേയും പ്രായം അനുസരിച്ചാണു്; സെ ക്കണ്ടറി പ്രൈമറി എന്നീ ക്ലാസ്സുകളെ അനുസരിച്ചല്ല.

(ബി) മേൽ ഉത്തരം നോക്കുക.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇപ്പോൾ കൊടുക്കുന്ന വസ്ത്രവിതരണംകൊണ്ടു് അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റാൻ സാധിക്കുമെന്നു ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവക്കു് ആവശ്യമുള്ള എല്ലാ കാര്യങ്ങൾക്കും വസ്ത്രം വിതരണം ചെയ്യണമെന്നു എനിക്കു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly